ക്കുംവിധം ലൈസൻസ് എടുപ്പിക്കുന്നതുവഴി ഈ രംഗത്തെ അനധികൃത റിക്രൂട്ട്മെന്റ് ഒരു പരിധിവരെ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്.

85 (2776) അസംഘടിത തൊഴിൽ മേഖല

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അസംഘടിത തൊഴിലാളികളുടെ മേഖല ഏതൊക്കെയാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ?

ഉത്തരം

സംസ്ഥാനത്ത് അസംഘടിത തൊഴിലാളികളുടെ മേഖല ഏതൊക്കെയാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടുമില്ല. എന്നിരുന്നാലും പാറമടകളിൽ പണിയെടുക്കുന്ന തൊഴിലാളികൾ, ആന തൊഴിലാളികൾ, പടക്ക നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, വനങ്ങളിൽ ജോലി ചെയ്യുന്നവർ, മണൽവാരൽ തൊഴിലാളികൾ, ഭൂമി കുഴിക്കുന്ന (എർത്ത് കട്ടിംഗ്) തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കിണറു കുഴിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, മരംമുറിക്കൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ തുടങ്ങിയവരെ അസംഘടിത മേഖലയിലെ തൊഴിലാളികളായി കണക്കാക്കാവുന്നതാണ്.

86 (2777) കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് എടുത്തിട്ടുള്ള നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ, എക്സ്റേ യൂണിറ്റുകൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കുറഞ്ഞകൂലി നിശ്ചയിക്കുന്നതിന് എടുത്തിട്ടുള്ള നടപടി എന്തെല്ലാമാണ്;

(ബി) സർക്കാർ തൊഴിലും പുനരധിവാസവും (ഇ) വകുപ്പ് 1990 മെയ് 10-ന് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം നം.19664/ഇ1/96/തൊഴിൽ അനുസരിച്ച് എന്നു മുതൽ പുതിയ മിനിമം വേജസ് നടപ്പിലാക്കാൻ കഴിയും;

(സി) മിനിമം വേജസ് കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് വാങ്ങിയതിനു ശേഷം കൂലി പുതുക്കിക്കൊണ്ട് പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ കാരണം എന്താണ്;

(ഡി) സർക്കാർ ഇതിനായി അവസാനം എന്നാണ് കമ്മിറ്റി രൂപീകരിച്ചത്; ഈ കമ്മിറ്റിയിൽ ആരെല്ലാമായിരുന്നു അംഗങ്ങൾ; ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിന് മൊത്തം എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വിഭാഗം ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് 10-5-'99ലെ 19664/ഇ1/96/തൊഴിൽ എന്ന പ്രാഥമിക വിജ്ഞാപനം 19-6-'99ലെ അസാധാരണ ഗസറ്റിൽ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly